# മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി

## യൂണിവേഴ്സിറ്റി ലൈബ്രറി

**പ്രിയദർശിനി ഹിൽസ്, കോട്ടയം, കേരളം-686 560**

**ഫോൺ.നം.0481-2731018   Email : library@mgu.ac.in**

എം.ജി.യു.എൽ/എ.ഡി/എൽ.സി./398/2017 19/05/2017

## ക്വട്ടേഷൻ നോട്ടീസ്

(17.05.2017 ലെ ലൈബ്രറികൗൺസിൽ മീറ്റിംഗിന്റെ യോഗനടപടിക്കുറിപ്പ്)

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറിയിലേക്ക് 'പ്രോപ്പർട്ടി കൗണ്ടർ 'വാങ്ങുന്നതിലേക്ക് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രോപ്പർട്ടി കൗണ്ടറിന്റെ വിവരങ്ങളും മറ്റു വ്യവസ്ഥകളും താഴെ കൊടുത്തിരിക്കുന്നു.ഓരോ തരം പ്രോപ്പർട്ടി കൗണ്ടറുകൾക്ക് പ്രത്യേക നിരക്കുകൾ രേഖപ്പെടുത്തുകയും , ക്വട്ടേഷനുകൾ യൂണിവേഴ്സിറ്റി ലൈബ്രേറിയന് 31.05.2017 1. pm ന് മുൻപ് ലഭിച്ചിരിക്കേണ്ടതും ക്വട്ടേഷനുകൾ ഇതേ ദിവസം 3.pm ന് തുറക്കപ്പെടുന്നതുമാണ്

## ഇനവിവരണം

| സീരിയൽ നമ്പർ | എണ്ണം | വിവരണം |
|---|---|---|
| 1 | 2 | **പ്രോപ്പർട്ടികൗണ്ടർ -** ലോഹ നിർമ്മിതം<br>അളവ് - 5'11"X2'11"X 1'10" കുറഞ്ഞത് 12 അറകൾ പൂട്ടുവാൻ സാധിക്കുന്നത്.<br><br>6'X3'x1'6" കുറഞ്ഞത് 12 അറകൾ തുറന്ന തരം |

### വ്യവസ്ഥകൾ

1. കോട്ട് ചെയ്യുന്ന നിരക്ക് എല്ലാ നികുതികളും, യൂണിവേഴ്സിറ്റി ലൈബ്രറിയിൽ എത്തിച്ച് തരുന്നതിനുള്ള (കയറ്റിറക്കുകൂലി ഉൾപ്പെടെ) നിരക്കായിരിക്കണം. ടി സാധനത്തെ സംബന്ധിച്ച ലഘുലേഖകളും അറ്റകുറ്റപണികളെക്കുറിച്ചുള്ള ഉറപ്പുകളും കോട്ടേഷനോടൊപ്പം ചേർത്തു തരേണ്ടതാണ്.
2. സാധനത്തിന്റെ തൃപ്തികരമായ വിതരണത്തിനുശേഷമേ പണംനൽകുകയുള്ളൂ. മുൻകൂർ പണം നൽകുന്നതല്ല.
3. ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസമായിരിക്കും ക്വട്ടേഷൻ തുറക്കുന്നത്.
4. ക്വട്ടേഷൻ 90 ദിവസത്തേക്ക് സാധുവായിരിക്കും.
5. പ്രത്യേക കാരണം കാണിക്കാതെ ക്വട്ടേഷനുകൾ തിരസ്കരിക്കുവാനുള്ള അധികാരം യൂണിവേഴ്സിറ്റി ലൈബ്രേറിയനുണ്ടായിരിക്കുന്നതാണ് .
6. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം, മുദ്രപത്രത്തിൽ വില്പനയെയും വിൽപ്പനാനന്തര സേവനത്തേയും കുറിച്ചുള്ള ഉറപ്പ് എഴുതി നൽകേണ്ടതാണ്.

ക്വട്ടേഷനുകൾ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറി, പി.ഡി.ഹിൽസ് പി.ഒ. കോട്ടയം 686 560 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. മുദ്ര വച്ച കവറിന്റെ പുറത്തു "പ്രോപ്പർട്ടി കൗണ്ടറിനുള്ള ക്വട്ടേഷൻ " എന്ന് രേഖപ്പെടുത്തേണ്ടതാണ്. വൈകികിട്ടുന്ന ക്വട്ടേഷനുകൾ തിരസ്കരിക്കപ്പെടുന്നതാണ്. ക്വട്ടേഷനുകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ യൂണിവേഴ്സിറ്റി ലൈബ്രേറിയനിൽ നിന്നോ, യൂണിവേഴ്സിറ്റി വെബ് സൈറ്റിൽ നിന്നോ ലഭ്യമാകുന്നതായിരിക്കും.

**യൂണിവേഴ്സിറ്റി ലൈബ്രേറിയൻ - ഇൻ - ചാർജ്**